(ഡി) കരാർ പ്രകാരം ലൈസൻസ് എഗ്രിമെന്റ് കാലാവധി 40 വർഷത്തേക്കാണ്. ഇതിൽ 4 വർഷത്തെ നിർമ്മാണ കാലയളവും ഉൾപ്പെടും. പങ്കാളി സ്വന്തം മുതൽ മുടക്കിൽ തുടർച്ചയായ വികസന പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ മാത്രം പദ്ധതി കാലാവധി 20 വർഷത്തേക്ക് നീട്ടി കൊടുക്കാവുന്നതാണ്. കാലാവധി തീരുന്നമുറയ്ക്ക് തുറമുഖവും നടത്തിപ്പും പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാകും.

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം

10 (*310) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെ കുറിച്ചും പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദ വിവരം നൽകാമോ ;

(സി) കടുത്ത മൽസര സാഹചര്യങ്ങളും സഹവിദ്യാർത്ഥികളിൽനിന്നും അദ്ധ്യാപകരിൽ നിന്നുമുള്ള പെരുമാറ്റവും കുട്ടികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ ജി.വി.എച്ച്. എസ്.എസ്. സ്പോർട്സ് (സ്പോർട്സ് ഡിവിഷൻ) എന്നിവയാണ് ഈ സ്കൂളുകൾ. തിരുവനന്തപുരം ജി.വി. രാജാ സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുന്നുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുന്നത്. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ 60 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശനം നൽകുന്നു. എന്നാൽ കണ്ണൂർ സ്പോർട്സ് സ്കൂളിൽ 30 പെൺകുട്ടികൾക്കു മാത്രമാണ് പ്രവേശനം നൽകുന്നത്. ഹൈസ്കൂൾ വിഭാഗത്തിനുപുറമെ രണ്ട് സ്കൂളിലും വി.എച്ച്.എസ്.ഇ. വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് സ്കൂളുകളും റെസിഡൻഷ്യൽ സ്കൂളുകളാണ്. സ്കൂൾ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കായി ദിവസവേതനാടിസ്ഥാനത്തിൽ സെക്യൂരിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ രണ്ട് സ്കൂളുകളിലും ഡെപ്യൂട്ടി വാർഡന്മാരെയും ഇപ്പോൾ നിയമിച്ചിട്ടുണ്ട്. മികച്ച പരിശീലകരെയാണ് ഈ സ്കൂളുകളിൽ നിയമിച്ചിട്ടുള്ളതെങ്കിലും പരിശീലകരുടെ അഭാവം അനുഭവപ്പെടുന്നുണ്ട്.

രണ്ട് സ്കൂളുകളിലും പഠിക്കുന്ന കായിക താരങ്ങൾക്ക് ഭക്ഷണ ചെലവിനായി 120 രൂപ പ്രതിദിനം ഗവൺമെന്റിൽനിന്നും അനുവദിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനായി ആവശ്യാനുസരണം കൗൺസിലിംഗ് സ്പോർട്സ്, ആയുർവ്വേദ എന്നീ സേവനങ്ങൾ സ്കൂളുകളിൽ ലഭ്യമാണ്.

സ്കൂൾ ഹോസ്റ്റലുകളിൽ സ്ഥല പരിമിതിയും മറ്റ് സൗകര്യക്കുറവുകളും നിലവിലുണ്ട്. എന്നാൽ കേരളത്തിലെ സ്പോർട്സ് സ്കൂളുകളുടെ സമഗ്രവികസനത്തിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 8 കോടിരൂപ (5.5 കോടി രൂപ ജി.വി. രാജാ സ്പോർട്സ് സ്കൂളിനും 2.5 കോടിരൂപ കണ്ണൂർ സ്പോർട്സ് ഡിവിഷനും) വിനിയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടെ നടപ്പിലാക്കി കഴിയുമ്പോൾ സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്താനാകും.

നിലവിൽ ഈ രണ്ട് സ്കൂളുകളിലുമുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നത് അതാത് സ്കൂളിലെ വാർഡൻ, ഡെപ്യൂട്ടി വാർഡൻ, കായികാദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്ന് സ്പോർട്സ് ഡെപ്യൂട്ടി ഡയറക്ടർ എന്നീ ഉദ്യോഗസ്ഥന്മാരും ഇടയ്ക്കിടെ ഈ സ്കൂളുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി) കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളിലെയും ഹോസ്റ്റലിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിഷമതകൾ പരിഗണിച്ച് ബഹുമാനപ്പെട്ട സംസ്ഥാന ബാലാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 17-12-2014-ന് സ്പോർട്സ് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ സ്പോർട്സ് ഡിവിഷൻ സന്ദർശിക്കുകയും നിലവിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശം കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ഉപഡയറക്ടർക്കും കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹെഡ്മിസ്ട്രസിനും നൽകുകയും ചെയ്തിരുന്നു. പരിശോധനാ സമയത്ത് ഹോസ്റ്റലിൽ ഡെപ്യൂട്ടി വാർഡൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരി ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ടി ജീവനക്കാരിയെ ജോലിയിൽനിന്നും പിരിച്ചുവിടുകയുണ്ടായി. നിലവിൽ രണ്ട് അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഡെപ്യൂട്ടി വാർഡൻ തസ്തികയിൽ നിയമിച്ച് ഹോസ്റ്റലിലെ വാർഡൻ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. സ്പോർട്സ് ഡിവിഷനിലെ മറ്റൊരു പ്രധാനപ്രശ്നം ഹോസ്റ്റലിലെ സ്ഥലപരിമിതിയാണ്. പുതിയ ഹോസ്റ്റൽ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

ഇത് പൂർത്തീകരിക്കുന്നതോടെ ഹോസ്റ്റലിലെ സ്ഥലപരിമിതി വിഷയവും പരിഹരിക്കുവാൻ കഴിയും. എം.പി. ഫണ്ടിൽനിന്നും അനുവദിച്ച തുക വിനിയോഗിച്ച് പുതിയ ടോയ്ലറ്റുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഒരു ഫുൾടൈം മീനിയലിനെയും നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ പ്രധാനവിഷയം ബാസ്കറ്റ്ബാൾ പരിശീലകൻ, ഹോസ്റ്റൽ ഡെപ്യൂട്ടി വാർഡൻ എന്നീ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തതാണ്. ബാസ്കറ്റ് ബാൾ പരിശീലകനെ അനുവദിച്ച് തരുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം രണ്ട് സ്കൂളുകളിലും പരിശീലനത്തിനായി പരിശീലകരെ ലഭ്യമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി അതാത് മേഖലയിൽ കഴിവും യോഗ്യതയുമുള്ള കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡെപ്യൂട്ടി വാർഡനെ സ്കൂളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സ്കൂളിലോ, ഹോസ്റ്റലിലോ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അതാത് സ്കൂളുകളിലെ ഹെഡ്മിസ്ട്രസ്, തിരുവനന്തപുരം, കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്കും നൽകിയിട്ടുണ്ട്.

(സി) കടുത്ത മത്സര സാഹചര്യങ്ങൾ ഉൾപ്പെടെ കുട്ടികളിൽ പലവിധ കാരണങ്ങളാൽ മാനസിക സമ്മർദ്ദമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട പരിശീലകൻ, സ്കൂൾ ഹെഡ്മിസ്ട്രസ്, പ്രിൻസിപ്പാൾ തുടങ്ങിയവരുടെയും കൗൺസിലറുടെയും നേതൃത്വത്തിൽ കുട്ടികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly